സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം : സാമൂഹ്യക്ഷേമ വകുപ്പ് - അംഗൻവാടി വർക്കർമാർക്കുള്ള അവാർഡ് പദ്ധതി 2006-07 - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : കേന്ദ്ര സർക്കാരിന്റെ 16.2.05 ലെ 6-6യ2004 എം.ഇ. പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

ഉത്തരവ് നം. ഐസിഡിഎസ്. ഇ214771/07 **തിരുവനന്തപുരം തീയതി 22.08.2007**

ഐ.സി.ഡി.എസ്. പദ്ധതിയുടെ കീഴിലുള്ള അംഗൻവാടി വർക്കർമാരുടെ സന്നദ്ധ സേവനത്തിന് മുൻതൂക്കം നൽകി അവരെ അംഗീകരിച്ച് ആദരിക്കുന്നതിന്റെ ഭാഗമായി ദേശീയ-സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിരിക്കുന്നു. സംസ്ഥാനത്തെ 163 ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ നിന്ന് ഏറ്റവും മികച്ച 37 വർക്കർമാർക്കാണ് 2006-07 വർഷത്തിലെ സംസ്ഥാന അവാർഡുകൾ നൽകുന്നത്. അപ്രകാരം ഏറ്റവും മികച്ച അംഗൻവാടി വർക്കർമാരെ തിരഞ്ഞെടുക്കുന്നതിന് മുൻവർഷങ്ങളിൽ നിലവിലു ായിരുന്ന ജില്ലാതല കമ്മിറ്റികൾ അതേ രീതിയിൽ തുടർന്നും പ്രവർത്തിക്കുവാൻ അനുമതി നൽകികൊ ് ഉത്തരവാകുന്നു. അംഗൻവാടി വർക്കർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്	:	ചെയർമാൻ
ജില്ലാ പഞ്ചായത്ത് വെൽഫെയർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	:	അംഗം
എ.ഡി.സി. (ജനറൽ)	:	അംഗം
ജില്ലാ മെഡിക്കൽ ഓഫീസർ	:	അംഗം
ജില്ലാ പ്ലാനിംഗ് ഓഫീസർ	:	അംഗം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ	:	അംഗം
ജില്ലാതല ഐ.സി.ഡി.എസ്. പ്രോഗ്രാം ഓഫീസർ	:	അംഗം
ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ	:	കൺവീനർ

സാമൂഹ്യക്ഷേമ ഡയറക്ടർ

ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങൾക്ക്.
(ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മുഖേന)

പകർപ്പ് : എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും
പ്രോഗ്രാം ഓഫീസർമാർക്കും
പ്രോജക്ട് കോ ഓർഡിനേറ്റർ, എസ്.പി.എം.യു.
സ്റ്റോക്ക് ഫയൽ.

ഐ.സി.ഡി.എസ്. അംഗൻവാടി വർക്കർമാർക്ക് ദേശീയ-സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

അനുബന്ധം - 1

ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള സംസ്ഥാന അവാർഡുകളുടെ വിവരം

ജില്ല	ഐ.സി.ഡി.എസ്. പ്രോജക്ടുകൾ	നൽകാവുന്ന അവാർഡുകൾ
തിരുവനന്തപുരം	14	3
കൊല്ലം	14	3
പത്തനംതിട്ട	9	2
ആലപ്പുഴ	13	3
കോട്ടയം	11	2
ഇടുക്കി	8	1
എറണാകുളം	17	4
തൃശൂർ	17	4
പാലക്കാട്	13	3
മലപ്പുറം	15	4
കോഴിക്കോട്	15	4
വയനാട്	3	1
കണ്ണൂർ	10	2
കാസർഗോഡ്	4	1
മൊത്തം	**163**	**37**

തിരഞ്ഞെടുക്കേ രീതി

ഓരോ പ്രോജക്ടിലേയും സ്ഥിരം അംഗൻവാടി വർക്കർമാരുടെ 2006 ഏപ്രിൽ മുതൽ 2007 മാർച്ച് വരെയുള്ള പ്രവർത്തനങ്ങൾ ഇതിനോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമായുടെ അടിസ്ഥാന ത്തിൽ സസൂക്ഷ്മം വിലയിരുത്തേ താണ്. അപ്രകാരമുള്ള വിലയിരുത്തലിന് ശേഷം ജില്ലാതല പ്രോഗ്രാം ഓഫീസർമാർ ഓരോ പ്രോജക്ടിൽ നിന്നും ഒരു അംഗൻവാടി വർക്കറെ നിർദ്ദിഷ്ട പ്രൊഫോർമായിൽ നോമിനേറ്റ് ചെയ്യേ താണ്. വിലയിരുത്തൽ അതാത് ശിശുവികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ, ഉപ ശിശുവികസന പദ്ധതി ഓഫീസർമാർ എന്നിവരുമായുള്ള ചർച്ച യുടെ അടിസ്ഥാനത്തിൽ ആയിരിക്കേ തും വിവരം മിനിറ്റ്സിൽ രേഖപ്പെടുത്തുകയും ചെയ്യേ താ ണ്. ഇത് സംബന്ധമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി നോമിനേഷനുകൾ വ്യക്തമായ ശുപാർശകൾ സഹിതം 20.9.2007-നകം പ്രോഗ്രാം ഓഫീസർമാർ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് സമർപ്പിയ്ക്കേ താണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാന അവാർഡ് ലഭിച്ചിട്ടുള്ളവരുടെ നോമിനേഷനുകൾ കഴിവതും ഒഴിവാക്കി പുതിയവർക്ക് മുൻഗണന നൽകേ താണ്.

നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ ലഭിക്കുന്ന നോമിനേഷനുകൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീ സർ ജില്ലാതല കമ്മിറ്റി വിളിച്ചുചേർത്ത് സമർപ്പിക്കേ താണ്. നോമിനേഷനുകൾ കമ്മിറ്റി സസൂക്ഷ്മം വിലയിരുത്തിയശേഷം മുൻഗണനാക്രമത്തിൽ സ്റ്റേറ്റ്തല അവാർഡിന് പരിഗണിക്കുന്നതിന് അംഗൻവാടി വർക്കർമാരെ ശുപാർശ ചെയ്യേ താണ്. ഇത് സംബന്ധമായ നടപടികൾ അതത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ പൂർത്തിയാക്കേ തും ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള എണ്ണം മുൻഗണനാക്രമത്തിൽ തയ്യാറാക്കി ജില്ലാ കമ്മിറ്റിയുടെ ശുപാർശയോടെ ഹാജരുള്ള കമ്മിറ്റി മെമ്പർമാ രുടെ ഒപ്പ് സഹിതമുള്ള നോമിനേഷനുകൾ ഡയറക്ടർ, സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര, തിരുവനന്ത

പുരം-12 എന്ന വിലാസത്തിൽ 3.10.2007-ന് മുമ്പ് കിട്ടത്തക്കവിധം അയച്ചുതരേ താണ്. കവറിന് മുകളിൽ **''അംഗൻവാടി വർക്കർമാർക്കുള്ള അവാർഡ് പദ്ധതി 2006-07''** എന്ന് രേഖപ്പെടുത്തേ താണ്. ആമുഖ കത്തിൽ മുൻഗണനാ ക്രമത്തിൽ ശുപാർശ ചെയ്യുന്ന വർക്കറുടെ/വർക്കർമാരുടെ പേര്, സെന്റർ നമ്പർ, പ്രോജക്ടിന്റെ പേര് എന്നിവ വ്യക്തമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കണം. ഓരോ ജില്ലയ്ക്കും അനുവദിക്കപ്പെട്ട എണ്ണത്തിനു മാത്രമുള്ള ലിസ്റ്റ് അയച്ചാൽ മതിയാകും. ഒന്നിൽ കൂടുതൽ അവാർഡുകേ കിൽ ലിസ്റ്റ് തയ്യാറാക്കേ ത് മുൻഗണനാ ക്രമത്തിൽ ആയിരിക്കണം. അതാത് തിരുവനന്തപുരം ജില്ലയിൽ നിന്നും 3 പേരുടെ ലിസ്റ്റ് തയ്യാറാക്കണം. ആ ലിസ്റ്റിലെ ഒന്നാമത്തെയാൾ തിരുവനന്തപുരം ജില്ലയിലെ സെലക്ട് ചെയ്തവരിൽ ഒന്നാം റാങ്ക്കാരിയും ര ാമതായുള്ളയാൾ 2-ാം റാങ്കിൽ വരുന്നയാളും മൂന്നാമതായുള്ളയാൾ 3-ാം റാങ്കിൽ വരുന്നയാളുമായിരിക്കണം.

സ്റ്റേറ്റ് അവാർഡ് 5000/- രൂപയും പ്രശംസാപത്രവുമാണ്. ജില്ലാതല കമ്മിറ്റികളിൽ നിന്ന് ലഭിക്കുന്ന ശുപാർശകളിൽ നിന്ന് 37 അവാർഡ് ജേതാക്കളെ അന്തിമമായി തിരഞ്ഞെടുക്കുന്നത് ഗവണ്മെന്റ് സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ് ചെയർമാനായി രൂപീകരിച്ചിട്ടുള്ള ഒരു കമ്മിറ്റി ആയിരിക്കും. സംസ്ഥാനതല അവാർഡ് ജേതാക്കളെ 31.3.2008-ന് മുമ്പ് പ്രഖ്യാപിക്കുന്നതും ഒരു സംസ്ഥാനതല ചടങ്ങിൽ വച്ച് അവാർഡ് വിതരണം ചെയ്യുന്നതുമാണ്. സംസ്ഥാനതല അവാർഡ് ജേതാക്കളിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്ന് പേരെ ദേശീയ അവാർഡിന് പരിഗണിക്കുന്നതിന് വേ ി കേന്ദ്ര സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതായിരിക്കും.

ഇതിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിൽ ബന്ധപ്പെട്ട എല്ലാ കീഴ് കാര്യാലയ ഉദ്യോഗസ്ഥരും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ നടപടികൾ പൂർത്തിയാക്കേ താണ്. സമയപരിധിക്ക് ശേഷം ലഭിക്കുന്ന നോമിനേഷനുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ലാത്തതും ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും. ഈ പരിപത്രം കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ അറിയിക്കേ താണ്.

സാമൂഹ്യക്ഷേമ ഡയറക്ടർ

ഠീ

എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും.
എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്കും (163).

പ്രോജക്ട് കോ-ഓർഡിനേറ്റർ, എസ്.പി.എം.യു.